**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 475 27-09-2011 ന് മറുപടിക്ക്

**പാത്രക്കണ്ടം, കരടിക്കുണ്ട് ആദിവാസി കോളനി വൈദ്യുതീകരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ഒല്ലൂർ മണ്ഡലത്തിലെ പാത്രക്കണ്ടം, കരടിക്കുണ്ട് ആദിവാസി കോളനികളുടെ വൈദ്യുതീകരണ ത്തിന് വനം വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും പീച്ചി വൈൽഡ്ലൈഫ് ഡിവിഷനിലെ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുന്ന 'കരടിക്കുണ്ട്' ആദിവാസി കോളനിയുടെ വൈദ്യുതീകരണത്തിനായി കെ.എസ്. ഇ.ബി നൽകിയ അപേക്ഷയിൽ വനാവകാശ നിയമം 2006 പ്രകാരം അനുമതി നൽകിയിട്ടുള്ളതും വൈദ്യുതീകരണ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള തുമാണ്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് വനം വകുപ്പിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | പീച്ചി വാഴാനി വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുന്ന "പാത്രക്കണ്ടം" ആദിവാസി കോളനി അല്ലാത്തതിനാൽ വനാവകാശ നിയമപ്രകാരം അനുമതി നൽകുവാൻ സാധിക്കുകയില്ല. എന്നാൽ |

പാത്രക്കണ്ടം കോളനിയിലേയ്ക്കും,

കരടിക്കുണ്ടിൽ ആദിവാസികളല്ലാത്തവർ

താമസിക്കുന്ന ഭാഗത്തേയ്ക്കും വൈദ്യുതീ

കരണത്തിനുള്ള അപേക്ഷ കെ.എസ്.

ഇ.ബി സമർപ്പിച്ചിട്ടുണ്ട്. ആയതിന് കേന്ദ്ര

സർക്കാരിന്റെ അനുമതിയ്ക്കായി ഡിവിഷൻ

തലത്തിൽ നടപടികൾ സ്വീകരിച്ചു

വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ